പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3628 12.12.2014 - ൽ മറുപടിയ്ക്ക്

## അംഗപരിമിതർക്കുള്ള പെൻഷന് അർഹത

ചോദ്യം

ശ്രീ. ഇ.പി. ജയരാജൻ

ഉത്തരം

ഡോ. എം.കെ. മുനീർ

( പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അംഗപരിമിതർക്കുള്ള പെൻഷന് അർഹതയുള്ള എത്ര ഗുണഭോക്താക്കളാണുള്ളത്; | (എ) | സംസ്ഥാനത്ത് നിലവിൽ 325521 വികലാംഗ പെൻഷൻ ഗുണഭോക്താക്കളുണ്ട്. |
| (ബി) | നിലവിൽ പെൻഷൻ തുക എത്ര രൂപയാണ്; | (ബി) | വികലാംഗ പെൻഷൻ നിലവിൽ 800/- രൂപയും 80% ഉം അതിനു മുകളിൽ അംഗവൈകല്യവുമുള്ളവർക്ക് 1100/- രൂപയും പ്രതിമാസം നൽകി വരുന്നു. |
| (സി) | ഏതുമാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്; | (സി) | 2014 ആഗസ്റ്റ് മാസം വരെ വിതരണം ചെയ്യുന്നതിനുള്ള തുക ജില്ലാ കളക്ടർമാർക്ക് അനുവദിച്ചിട്ടുണ്ട്. |
| (ഡി) | എത്രമാസത്തെ പെൻഷൻ കുടിശ്ശിക വിതരണം ചെയ്യാനുണ്ടെന്നും ഇതിന് എത്ര തുക വേണ്ടി വരുമെന്നും വ്യക്തമാക്കാമോ? | (ഡി) | 3 മാസത്തെ പെൻഷൻ കുടിശ്ശിക വിതരണം ചെയ്യാനുണ്ട്. ആയതിന് 8568.86 ലക്ഷം രൂപ ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ